കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17)-ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്ക്കരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ ഉ(സാധാ)നം. 3218/2016/തസ്വഭവ തീയതി, തിരുവനന്തപുരം 25.11.2016.

പരാമർശം :-1) സ.ഉ(എം.എസ്) നം.04/2016/തസ്വഭവ തീയതി 11.01.2016.

2) 14.11.2016 തീയതിയിൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പൊതു വിഷയങ്ങൾ 1 മുതൽ 7 വരെ നമ്പർ തീരുമാനങ്ങൾ.

5/12/16

**ഉത്തരവ്**

പരാമർശം (2) ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിൽ ചുവടെ ചേർത്തിട്ടുള്ള ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കെ.എൽ.ജി.എസ്.ഡി.പി. ഫണ്ട് 31.03.2017-നു മുമ്പ് ചെലവഴിക്കേണ്ടതിനാൽ മറ്റ് ഏതൊരു ഫണ്ടും ഉപയോഗിച്ച് രൂപീകരിച്ചിരിക്കുന്ന പ്രോജക്ടുകൾ ഭേദഗതി ചെയ്ത് കെ.എൽ.ജി.എസ്.ഡി.പി. ഫണ്ട് ഉപയോഗിക്കുന്നതിന് അനുവാദം നൽകുന്നു. കഴിഞ്ഞ വർഷത്തെ സ്പിൽഓവർ പ്രോജക്ടിൽ ഭേദഗതി വരുത്തിയാൽ അത് പുതിയ പ്രോജക്ടായി പരിഗണിക്കുന്നതാണ്.
2. നടപ്പുവർഷം ഈ വർഷം ലഭിക്കുന്ന ഫണ്ടിനു മാത്രം പ്രോജക്ട് രൂപീകരിച്ചാൽ മതിയെന്നും കഴിഞ്ഞ വർഷത്തെ ക്യാരിഓവർ പ്രോജക്ട് പരിഗണിക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത് മാനിക്കാതെ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഈ വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തുകയും തന്മൂലം വാലിഡേഷനിൽ വ്യത്യാസം വരികയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ക്യാരിഓവർ ഫണ്ട് അനുവദിക്കുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ലഭ്യമായ ആകെ തുകയുടെ വാലിഡേഷൻ ഇളവ് ചെയ്യാൻ ഇൻഫോർമേഷൻ കേരള മിഷന് നിർദ്ദേശം നൽകുന്നു.
3. കെ.എൽ.ജി.എസ്.ഡി.പി.ഫണ്ടിൽ നിന്നും അധിക ധനസഹായം നൽകുന്നതിന് 60 പിന്നോക്ക തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിരുന്നു. അവയ്ക്ക് 2 കോടി രൂപ വീതം അധികമായി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി പ്രസ്തുത സ്ഥാപനങ്ങളുടെ മേൽ പറഞ്ഞ ഫണ്ട് ഉപയോഗിക്കുന്ന പ്രോജക്ടുകൾക്ക് ഡി.പി.സി.യിൽ അംഗീകാരം നൽകേണ്ടതാണ്.
4. ഐ.എ.വൈ/പി.എം.എ വൈ. സ്കീമുകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നൽകാമെന്ന് ഏറ്റിരുന്ന തുക (1 ലക്ഷം രൂപ) ലഭ്യമാക്കാത്ത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ടുകളിൽ നിന്നും പ്രസ്തുത വിഹിതം കൂടി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നു.

5. ക്ഷീര കർഷകർക്ക് സഹകരണ സംഘങ്ങൾ വഴി സബ്സിഡി നൽകുന്ന പ്രോജക്ടുകൾ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നു.

6. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം എന്നിവയിൽ അയൽസഭയുമായി ബന്ധപ്പെട്ട നിബന്ധനകൾ നിർബന്ധമാക്കേണ്ടതില്ല.

7. പല ഡി.പി.സികളും സർക്കാർ അംഗീകാരത്തിനു വിധേയമായി പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഡി.പി.സി.കൾ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായി പ്രോജക്ടുകൾക്ക് അംഗീകാരം നൽകരുത്. പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുകയോ തിരിച്ചയയ്ക്കുകയോ ചെയ്യേണ്ടതാണ്. ഡി.പി.സി. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവും സമർപ്പിക്കരുത്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ( " " )
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ( " )
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം .
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം .
ഡയറക്ടർ, പട്ടികജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം .
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
ഡയറക്ടർ, കൃഷി വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ് : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
പട്ടികജാതി വികസന വകുപ്പ്, സെക്രട്ടറിയുടെ . പി.എ.യ്ക്ക്.
പട്ടിക വർഗ്ഗ വികസന വകുപ്പ്, സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് (vide decision no.4 in CC dated 14/11/16)
തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് (vide decision no.7 in CC dated 14/11/16)

**ഉത്തരവിൻ പ്രകാരം**

Saradadevi
സെക്ഷൻ ഓഫീസർ